പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3071 — 28.01.2014 ൽ - മറുപടിക്ക്

## ബയോ-മെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണസമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി.റ്റി. ബൽറാം<br>,, ആർ. സെൽവരാജ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സമ്പൂർണ്ണ ബയോ-മെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണസമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ എഫ്.സി.ഐ മുതൽ എ.ആർ.ഡി വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് ബയോമെട്രിക് അധിഷ്ഠിതമായി റേഷൻ വിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എഫ്.സി.ഐ. യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കുന്നത് മുതൽ റേഷൻകടകളിൽ നിന്ന് അവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് വരെയുള്ള ഓരോ പ്രക്രിയയും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് അവയുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്കവിധത്തിൽ ഒരു സുതാര്യവൽകൃത പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ, റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന e-pos machine-കൾ സ്ഥാപിച്ച് യഥാർത്ഥ ഉപഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ തോതിൽ നൽകുന്നതാണ്. ഇക്കാരണത്താൽ പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യമാവുകയും ഈ മേഖലയിൽ നിലനിൽക്കുന്ന അഴിമതി, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനും സാധിക്കുന്നതാണ്. |
| (സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി സുതാര്യവൽക്കരിക്കപ്പെടുന്നു. ഇതിലൂടെ റേഷൻ കടകളിൽ ഗുണഭോക്താക്കളുടെ ക്രയവിക്രയങ്ങൾക്ക് ഓൺലൈൻ സിസ്റ്റത്തിലൂടെ ലഭ്യമാകുന്ന ബില്ലുകളിൽ കൃത്യമായ അളവ്, തൂക്കം, വില എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടാവും. വ്യക്തമായ പരാതി പരിഹാര സംവിധാനം ഉള്ളതിനാൽ |

ഉപഭോക്താക്കൾക്ക് തങ്ങളുടെ പരാതിയിന്മേൽ ഉടനടി പരിഹാരങ്ങൾ ലഭ്യമാവുന്നു. റേഷൻ കടകൾക്ക് പോർട്ടബിലിറ്റി ഏർപ്പെടുത്തുന്നതിനാൽ ഗുണഭോക്താക്കൾക്ക് കേരളത്തിലെ ഏത് റേഷൻകടയിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ലഭ്യമാവുന്നു. ഇതിലൂടെ ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ചുവടെ പറയുന്ന പ്രകാരം 4 മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

1) റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക
2) എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക.
3) യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ റേഷൻ കടകളിലൂടെ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.
4) സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക.

ഇതിൽ ആദ്യത്തെ ഘടകമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നത്?

(ഇ) ഈ പദ്ധതിക്കായി കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡപ്രകാരമുള്ള തുകയുടെ 50% കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാവുകയും സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കുകയും ചെയ്യേണ്ടതാണ്. ഇതിന്റെ ഭാഗമായി കേന്ദ്രസർക്കാരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം 6,08,66,000/- രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ